

# സ്നേഹ സ്വരൂപാ

Hymns of Anointing

| No | Title | Page |
|---|---|---|
| 1 | Aakashathin Keezhil Veroru Namam | 4 |
| 2 | Aahlaada Chitharaay | 5 |
| 3 | Abrahamin, Naatha Naaraadhana | 6 |
| 4 | Agniyil Abhishekam | 7 |
| 5 | Aaraadhyan Yeshu Paraa | 8 |
| 6 | Altharayil Aathma Baliyayi | 9 |
| 7 | Altharayil poojya Balivasthuvaayidum | 10 |
| 8 | Amme Amme Thaaye | 11 |
| 9 | Anthyakaala Abhishekam | 12 |
| 10 | Asaadhyamay Enikkonnumilla | 13 |
| 11 | Arupiyal Nirayan Kaviyan | 14 |
| 12 | Aathmave Agniyay Niryaname | 15 |
| 13 | Balaheenathayil Balameki | 16 |
| 14 | Daivasneham Varnicheedan | 17 |
| 15 | Daivakripayil Njan Aashrayichu | 18 |
| 16 | Daivam Ente Rakshakan | 19 |
| 17 | Daivam Thannathallathonnum | 20 |
| 18 | Daivaroopiye Sneha Jwaalayaal | 21 |
| 19 | Daivathinte Aathmavirangi Vannu | 22 |
| 20 | Ella Snehathinum | 23 |
| 21 | En Jeevanekkaalum Nee | 24 |
| 22 | Enthathishayame Daivathin Sneham | 25 |
| 23 | Ente Yeshu Enikku Nallavan | 26 |
| 24 | Ithratholam Yahova Sahaayichu | 27 |
| 25 | Jeevanekum Aathmave | 28 |
| 26 | Kanyaka Mariyamme | 29 |
| 27 | Kshamasheelanam Enneshuve | 30 |
| 28 | Nanni Daivame Nanni Daivame | 31 |
| 29 | Nanni yesuve nee cheytha nanmmakal | 32 |
| 30 | Nanniyode Njan | 33 |
| 31 | Nee Ente Sankethavum Nee Ente | 34 |
| 32 | Nirmalamayoru Hrudayamennil | 35 |
| 33 | Nithya Sahaaya Maathe | 36 |
| 34 | Nithya Vishudhayaam | 37 |
| 35 | Nin Thiruraktthathaal Kazhukaname | 38 |
| 36 | Onnu Vilichal Odi Ente Arikilethum | 39 |

| No | Title | Page |
|---|---|---|
| 37 | Osthiyil Vaazhum Daivame | 40 |
| 38 | Paranjal Aarum Vishwasikkatha | 41 |
| 39 | Parishuddhan Mahonnatha Devan | 42 |
| 40 | Parishuddha Parama Divya Karunyame | 43 |
| 41 | Parishuddhatmave Nee Ezhunnalli | 45 |
| 42 | Parisudhatmave Shakthi Pakarnnidane | 46 |
| 43 | Penthakustha Naalil | 47 |
| 44 | Pukazhtheedam Yesuvine | 48 |
| 45 | Sarva Shakthan Koodeyundu | 49 |
| 46 | Sneha Swaroopa | 50 |
| 47 | Sree Yeshu Naamam | 51 |
| 48 | Srishtikale Sthuthi Paaduvin | 52 |
| 49 | Sthuthi Sthuthi En Maname | 53 |
| 50 | Sthuthippin Sthuthippin Ennum | 54 |
| 51 | Thirukarathaal Thangiyenne | 55 |
| 52 | Thirukarathaal Vahichu Enne | 56 |
| 53 | Thuna Enikkesuve Kuraviniyilathal | 57 |
| 54 | Unarvin Kodum Kaatte Nee | 58 |
| 55 | Unarvin Varam Labhipaan | 59 |
| 56 | Unarthename Enne Unarthename | 60 |
| 57 | Vaa Vaa Yeshu Naadha | 61 |
| 58 | Yahova Yire Daathaavaam Daivam | 62 |
| 59 | Yeshu Nallavan Avan Vallabhan | 63 |
| | **Holy Mass Hymns** | |
| 60 | As we gather may Your Spirit | 65 |
| 61 | Light of the world | 66 |
| 62 | What a friend we have in Jesus | 67 |
| 63 | Amazing grace | 68 |
| 64 | Lord, I need You | 68 |
| 65 | Hail, Holy Queen | 69 |
| 66 | O salutáris Hóstia | 70 |
| 67 | Tantum ergo | 70 |

## 1. ആകാശത്തിൻ കീഴിൽ വേറൊരു നാമമില്ലല്ലോ
## Aakashathin Keezhil Veroru Namam Illallo

ആകാശത്തിൻ കീഴിൽ വേറൊരു നാമമില്ലല്ലോ
യേശു നാമമല്ലാതെ, യേശു നാമമല്ലാതെ
മാനവ രക്ഷയ്ക്ക് ഊഴിയിൽ വേറൊരു നാമമില്ലല്ലോ
യേശു നാമമല്ലാതെ, യേശു നാമമല്ലാതെ
(ആകാശത്തിൻ കീഴിൽ ... യേശു നാമമല്ലാതെ)

പറുദീസായിൽ ദൈവം തന്നൊരു രക്ഷാ വാഗ്ദാനം
യേശു നാഥനല്ലയോ
പ്രവാചകന്മാർ മുന്നേ ചൊന്നോരു രക്ഷാ സന്ദേശം
യേശു നാഥനല്ലയോ
(|പറുദീസായിൽ... യേശു നാഥനല്ലയോ)
(ആകാശത്തിൻ കീഴിൽ)

ദൈവം മാനവ രക്ഷയ്ക്കായി തന്നൊരു നാമമേ
യേശുവെന്നൊരു നാമമേ
ഭൂലോകങ്ങൾ മുട്ടുമടക്കും ഉന്നത നാമമേ
യേശുവെന്നൊരു നാമമേ
(ദൈവം മാനവ ... യേശുവെന്നൊരു നാമമേ)
(ആകാശത്തിൻ കീഴിൽ)

മറ്റൊരുവനിലും രക്ഷയതില്ല യേശുവിലല്ലാതെ
ഏക രക്ഷകനവനല്ലോ
യേശുവിലുള്ളൊരു വിശ്വാസത്താൽ രക്ഷവരിച്ചീടാം
നിത്യ രക്ഷവരിച്ചീടാം
(മറ്റൊരുവനിലും... നിത്യ രക്ഷവരിച്ചീടാം)
(ആകാശത്തിൻ കീഴിൽ)

## 2. ആഹ്ലാദചിത്തരായ് സങ്കീർത്തനങ്ങളാൽ

## Aahlaada Chitharaay Sankeerthanangalal

ആഹ്ലാദചിത്തരായ് സങ്കീർത്തനങ്ങളാൽ
ദൈവത്തെ വാഴ്ത്തീടുവിൻ
ശക്തിസങ്കേതമാം ഉന്നതനീശനെ
പാടിപുകഴ്ത്തീടുവിൻ
(ആഹ്ലാദചിത്തരായ്...)

തപ്പുകൾ കൊട്ടുവിൻ, കിന്നരവീണകൾ
ഇമ്പമായ് മീട്ടീടുവിൻ
ആർത്ത് ഘോഷിക്കുവിൻ, കാഹളം മുഴക്കുവിൻ
ആമോദമോടെ വാഴ്ത്തുവിൻ
(ആഹ്ലാദചിത്തരായ്...)

നാഥനെ വാഴ്ത്തുക ഇസ്രയെലിന്നൊരു
ചട്ടമാണോർത്തീടുവിൻ
സ്തുതികളിൽ വാണിടും സർവ്വ ശക്തനെ സദാ
സ്തോത്രങ്ങളാൽ പുകഴ്ത്തുവിൻ
(ആഹ്ലാദചിത്തരായ്...)

കഷ്ടകാലത്തവൻ മോചനം നൽകിയെൻ
ഭാരവും നീക്കി ദയാൽ
താളമേളങ്ങളാൽ പട്ടുപാടിയുന്നത -
നാമം സദാപി വാഴ്ത്തുവിൻ
(ആഹ്ലാദചിത്തരായ്...)

## 3. അബ്രഹാമിൻ, നാഥനാരാധന

## Abrahamin, Naatha Naaraadhana

ആരാധന ആരാധന ആരാധന ആരാധന (2)

അബ്രഹാമിൻ, നാഥനാരാധന
യാക്കോബിൻ ദൈവമേ ആരാധന
ഇസഹാക്കിൻ ഇടയനേ ആരാധന
ഇസ്രയേലിൻ രാജനേ ആരാധന

ആരാധന ആരാധന ആരാധന ആരാധന

ആത്മവിലായിരം മുറിവുണങ്ങീടും
ആത്മീയ നിമിഷമീ ആരാധന
ആത്മശരീര വിശുദ്ധി നൽകും
അനുഗ്രഹ നിമിഷമീ ആരാധന

ആരാധന ആരാധന ആരാധന ആരാധന

അബ്രഹാമിൻ, നാഥനാരാധന
യാക്കോബിൻ ദൈവമേ ആരാധന
ഇസഹാക്കിൻ ഇടയനേ ആരാധന
ഇസ്രയേലിൻ രാജനേ ആരാധന

തുമ്പങ്ങളെല്ലാം മാറ്റുന്ന ദൈവം
അണയുന്ന നിമിഷമീ ആരാധന
അലറുന്ന സാത്താനെ ആട്ടിയകറ്റുന്ന
അഭിഷേക നിമിഷമീ ആരാധനാ

ആരാധന ആരാധന ആരാധന ആരാധന

അബ്രഹാമിൻ, നാഥനാരാധന
യാക്കോബിൻ ദൈവമേ ആരാധന
ഇസഹാക്കിൻ ഇടയനേ ആരാധന
ഇസ്രയേലിൻ രാജനേ ആരാധന

(ആരാധന ആരാധന ആരാധന ആരാധന) x2

## 4. അഗ്നിയിൽ അഭിഷേകം

## Agniyil Abhishekam

അഗ്നിയിൽ അഭിഷേകം ചൊരിയൂ പരിശുദ്ധാത്മാവേ
കൃപയുടെ അഭിഷേകം ചൊരിയൂ പരിശുദ്ധാത്മാവേ
ആദിമ സഭയിലെ അഭിഷേകം പോൽ
ഇന്നു നീ നിറയണമേ
ആദിമ സഭയിലെ അഭിഷേകം പോൽ
ഇന്നു നീ നിറയണമേ

ആത്മാവേ റൂഹായേ എന്നിൽ നിറയണമേ
ആത്മാവേ റൂഹായേ എന്നിൽ നിറയണമേ

പെന്തക്കുസ്ത നാളിൽ, ശിഷ്യ ഗണത്തിന്മേൽ
അഗ്നി നാളമായ് നീ നിറഞ്ഞതുപോലെ
രോഗ ശാന്തി വരവും, പ്രവചന വരവും
ഭാഷാ വരവും നൽകണമേ
വരദാനങ്ങൾ ചൊരിയണമേ

(ആത്മാവേ റൂഹായേ എന്നിൽ നിറയണമേ) x2

പുതിയൊരു ജീവൻ, പുതിയൊരു ഹൃദയം
ആത്മാവേ എന്നിൽ നൽകണമേ
അറിവിൻ വരവും, ജ്ഞാന വരവും
വിവേകത്തിൻ നിറവും നൽകണമേ
വരദാനങ്ങൾ ചൊരിയണമേ

(അഗ്നിയിൽ അഭിഷേകം)

## 5. ആരാധ്യൻ യേശു പരാ

## Aaraadhyan Yeshu Paraa

ആരാധ്യൻ യേശു പരാ
വണങ്ങുന്നു ഞാൻ പ്രിയനേ
തേജസെഴും നിൻ മുഖമെൻ
ഹൃദയത്തിൽ ആനന്ദമേ (2)

നിൻ കൈകൾ എൻ കണ്ണീർ
തുടക്കുന്നതറിയുന്നു ഞാൻ (2)
(ആരാധ്യൻ)

നിൻ കരത്തിൻ ആശ്ലേഷം
പകരുന്നു ബലം എന്നിൽ (2)
(ആരാധ്യൻ)

മാധുര്യമാം നിൻ മൊഴികൾ
തണുപ്പിക്കുന്നെൻ ഹൃദയം (2)
(ആരാധ്യൻ)

സന്നിധിയിൽ വസിച്ചോട്ടെ
പാദങ്ങൾ ചുംബിച്ചോട്ടേ (2)
(ആരാധ്യൻ)

## 6. അൾത്താരയിൽ   ആത്മബലിയായി

## Altharayil Aathma Baliyayi

അൾത്താരയിൽ   ആത്മബലിയായി
അർപ്പിക്കാനായി   ഞാൻ   വരുന്നു
എല്ലാം നിനക്കായി   നല്കാൻ
ദേവാലയത്തിൽ   വരുന്നു

ഈ   കാഴ്ച വസ്തുക്കൾക്കൊപ്പം
കന്മഷം   ഇല്ലാത്ത   ഹൃത്തും (2)
എല്ലാം   പൊറുക്കുന്ന   ചിത്തം
വല്ലഭാ   കാഴ്ച്ചയായേകാം (2)

(അൾത്താരയിൽ ......)

എൻ   സോദരർക്കെന്നോടെന്തോ
നീരസം   തോന്നുന്നപക്ഷം (2)
തിരികെ   ഞാൻ   ചെന്നേവമേ കാം
എല്ലാം   ക്ഷമിക്കുന്ന സ്നേഹം (2)

(അൾത്താരയിൽ......)

## 7. അൾത്താരയിൽ പൂജ്യ ബലിവസ്തുവായിടും
## Altharayil poojya Balivasthuvaayidum

അൾത്താരയിൽ പൂജ്യ ബലിവസ്തുവായിടും
അഖിലേശ്വരനെന്നും ആരാധന
ബലിവേദി മുന്നിലായ് അണിചേർന്നു നിന്നിവർ
ആത്മാവിൽ അർപ്പിക്കും ആരാധനാ
അൾത്താരയിൽ പൂജ്യ ബലിവസ്തുവായിടും
അഖിലേശ്വരനെന്നും ആരാധന
ബലിവേദി മുന്നിലായ് അണിചേർന്നു നിന്നിവർ
ആത്മാവിൽ അർപ്പിക്കും ആരാധനാ
ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ഹാലേലൂയ (2)

ഉള്ളിൽ പുതുജീവ നാളം തെളിച്ച്
നാവിൽ തിരുനാമ മന്ത്രം ജപിച്ച് (2)
കയ്യിൽ ജീവിത ക്രൂശും പിടിച്ച്
കർത്താവിനെ കാത്തു നില്ക്കുന്നു ഞങ്ങൾ (2)
ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ഹാലേലൂയ (2)

വഴിയിൽ തളർന്നിവർ വീണിടാതെന്നും വചനം
പാഥേയമായ് നൽകണേ (2)
ആരാധ്യ നാഥനെ പാടി സ്തുതിക്കാൻ
നാവിൽ നവദാനം പകർന്നു നൽകൂ (2)
ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ഹാലേലൂയ (2)

തിരുവോസ്തി രൂപനായ് മാറുന്ന നേരം
തിരുമുമ്പിലർപ്പിക്കും കാഴ്ചകളെ (2)
കനിവോടെ സ്വീകരിച്ചീദാസരെ നീ
കന്മഷ ഹീനരായ് മാറ്റേണമേ (2)
ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ഹാലേലൂയ (2)
ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ഹാലേലൂയ (2)

**8. അമ്മേ അമ്മേ തായേ**

**Amme amme thaaye**

അമ്മേ അമ്മേ തായേ അമ്മക്കേക മകനെ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ അപ്പമില്ലാതാകുമ്പോൾ
അപ്പത്തിൽ വാഴുന്നോനെ ഞാൻ ആരാധിക്കുന്നു.

അമ്മേ അമ്മേ തായേ മനസ്സിൽ ഭാരം കൂടുമ്പോൾ
ശിരസ്സിൽ മുൾമുടി അണിഞ്ഞവനെ ഞാൻ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ കൈയും മെയ്യും തളരുമ്പോൾ
അത്ഭുതങ്ങൾ ചെയ്തവനെ ഞാൻ ആരാധിക്കുന്നു.

അമ്മേ അമ്മേ തായെ ഹൃദയം നീറിപ്പുകയുമ്പോൾ
തിരുഹൃദയത്തിൻ രാജനെ ഞങ്ങൾ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ കണ്ണീർക്കടലിൽ താഴുമ്പോൾ
കടലിനു മീതെ നടന്നവനെ ഞാൻ ആരാധിക്കുന്നു.

അമ്മേ അമ്മേ തായേ ഏകാകിയായി തീരുമ്പോൾ
ഗദ്സമേനിൽ പ്രാർത്ഥിച്ചവനെ ആരാധിക്കുന്നു

## 9. അന്ത്യകാല അഭിഷേകം

## Anthyakaala Abhishekam

അന്ത്യകാല അഭിഷേകം
സകല ജഡത്തിന്മേലും
കൊയ്ത്തുക്കാല സമയമല്ലോ
ആത്മാവിൽ നിറക്കേണമെ

തീ പോലെ ഇറങ്ങേണമേ
അഗ്നി നാവായി പതിയണമേ
കൊട്ടും കാറ്റായി വീശേണമേ
ആത്മ നദിയായി ഒഴുകണമേ
തീ പോലെ

അസ്ഥിയുടെ താഴ്‌വരയിൽ
ഒരു സൈന്യത്തെ ഞാൻ കാണുന്നു
അധികാരം പകരണമെ
ഇനി ആത്മാവിൽ പ്രവചിച്ചിടാൻ
അസ്ഥിയുടെ
തീ പോലെ (2)

കർമ്മേലില്ലെ പ്രാർത്ഥനയിൽ
ഒരു കൈ മേഘം ഞാൻ കാണുന്നു
ആഹാബ് വിറച്ച പോലേ
അഗ്നി മഴയായി പെയ്യണമേ
കർമ്മേലില്ലെ
തീ പോലെ (2)

സീനായി മലമുകളിൽ
ഒരു തീ ജ്വാല ഞാൻ കാണുന്നു
ഇസ്രായേലിൻ ദൈവമേ
ആ തീ എന്മേൽ ഇറക്കണമേ
സീനായി
തീ പോലെ (2)

## 10. അസാധ്യമായെനിക്കൊന്നുമില്ല

## Asaadhyamay enikkonnumilla

അസാധ്യമായെനിക്കൊന്നുമില്ല
എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം (2)
ബുധിക്കതീതമാം അത്യുത്ഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു

സാധ്യമേ എല്ലാം സാധ്യമേ എൻ
യേശു എൻ കൂടെയുള്ളതാം (2)

ഭാരം പ്രയാസങ്ങൾ വന്നീടിലും
തെല്ലും കലുങ്ങുകയില്ല ഇനി
ബുധിക്കതീതമാം ദിവ്യ സമാധാനം
എൻറെ ഉള്ളിൽ അവൻ നിറക്കുന്നു
(സാധ്യമേ) (അസാധ്യ)

സാത്താന്റെ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൻ ശക്തിയാൽ ജയിക്കും ഞാൻ
ബുധിക്കതീതമാം ശക്തി എന്നിൽ
നിറച്ചെന്നെ ജയാളിയായ് നടത്തുന്നു
(സാധ്യമേ) (അസാധ്യ)

## 11. അരൂപിയാൽ നിറയാൻ കവിയാൻ

## Arupiyal nirayan kaviyan

അരൂപിയാൽ നിറയാൻ കവിയാൻ
വരുന്നിതാ ഞങ്ങൾ
അരൂപിതൻ വരവും കൃപയും
കരുത്തുമേകണമേ.
അരൂപിയാൽ...

അനാഥരായ് വിടുകില്ല,
അറിഞ്ഞു കൊള്ളൂ നിങ്ങൾ
അയയ്ച്ചിടും മമതാതൻ
സത്യാത്മാവിനെയെന്നും.
അരൂപിയാൽ...

സഹായകൻ അണയുമ്പോൾ
സദാ വസിച്ചവനുള്ളിൽ
അനുസ്മരിപ്പിച്ചീടും
അനന്തമാമെൻ വചനം.
അരൂപിയാൽ...

അസ്വസ്ഥരായലയാതെ
ഭയം വെടിഞ്ഞുണരേണം
പ്രശാന്തി ഞാൻ പകരുന്നു
പ്രമോദമാനസരാകൂ
അരൂപിയാൽ...

## 12. ആത്മാവേ, അഗ്നിയായ് നിറയണമേ

## Aathmave Agniyay Niryaname

ആത്മാവേ, അഗ്നിയായ് നിറയണമേ (×2)
പാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
രോഗത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
ശാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
ആത്മാവാം ദൈവമേ അഗ്നി അയക്കു

മുള്ളുകളും മുൾച്ചെടികളുമെല്ലാം,
അഗ്നിയിൽ എരിഞ്ഞിടും
അരുളിയപോലെ അഗ്നിയിറക്കി
വിശുദ്ധി നൽകണമേ

ആത്മാവേ, അഗ്നിയായ് നിറയണമേ (2)

ലോകം മുഴുവൻ പാപത്തിന്റെ
വിനകൾ നിറഞ്ഞീടുന്നു
മാനവരെല്ലാം നാശത്തിന്റെ
നിഴലിൽ കഴിഞ്ഞീടുന്നു

പാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
രോഗത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
ശാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയക്കു
ആത്മാവാം ദൈവമേ അഗ്നി അയക്കു

**13. ബലഹീനതയിൽ ബലമേകി**

**Balaheenathayil Balameki**

ബലഹീനതയിൽ ബലമേകി
ബലവാനായോൻ നടത്തിടുന്നു (2)

കൃപയാലേ, കൃപയാലേ
കൃപയാൽ അനുദിനവും (2)

(ബലഹീനത..)

എന്റെ കൃപ നിനക്കുമതി
കർത്താവിൻ തിരുവചനം (2)

അനശ്വരമായ വചനമതേകി
അതിശയമായി നടത്തിടുന്നു (2)

(കൃപയാലെ..)
(ബലഹീനത..)

കർത്താവിനെ കാത്തിരിപ്പോർ
ശക്തിയിൽ നിറഞ്ഞീടും (2)

കഴുകനെപോലെ ചിറകടിച്ചുയരും
തളർന്നു പോകാതെ ഓടീടും (2)

(കൃപയാലെ..)
(ബലഹീനത..)

## 14. ദൈവസ്നേഹം വർണ്ണിച്ചീടാൻ
## Daivasneham Varnicheedan

ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ
നന്ദി ചൊല്ലിത്തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതി വരുമോ

ദൈവസ്നേഹം വർണ്ണിച്ചീടാൻ.......

സ്വന്തമായൊന്നുമില്ല സർവ്വതും നിൻ ദാനം
സ്വസ്ഥമായുറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ
മന്നിൻ സൌഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടേ.

ദൈവസ്നേഹം വർണ്ണിച്ചീടാൻ.......

സ്വപ്നങ്ങൽ പൊലിഞ്ഞാലും ദുഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അങ്ങെൻ മുന്നേ പോയാൽ ഭയമെവിടേ

ദൈവസ്നേഹം വർണ്ണിച്ചീടാൻ.......

## 15. ദൈവകൃപയിൽ ഞാനാശ്രയിച്ച്
## Daivakripayil Njan Aashrayichu

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ
അനുഗമിച്ചിടും അവനുടെ ചുവടുകളെ

(ദൈവകൃപയിൽ ഞാനാശ്രയിച്ച് )

ഇഹലോകമോ തരികില്ലൊരു
സുഖവും മന:ശാന്തിയതും
എൻറെ യേശുവിൻറെ തിരുസന്നിധിയിൽ
എന്തു ആനന്ദം ഉണ്ടെനിക്ക്

(ദൈവകൃപയിൽ ഞാനാശ്രയിച്ച് )

എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എൻറെ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ

(ദൈവകൃപയിൽ ഞാനാശ്രയിച്ച് )

എൻറെ ആയുസ്സിൻ ദിനമൊക്കെയും
തൻറെ നാമമഹത്വത്തിനായ്
ഒരു കൈത്തിരി പോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ

(ദൈവകൃപയിൽ ഞാനാശ്രയിച്ച് )

## 16. ദൈവമെന്റെ രക്ഷകൻ
## Daivam Ente Rakshakan

ദൈവമെന്റെ രക്ഷകൻ
ദൈവമെന്റെ നായകൻ
ദൈവമെന്റെ ആശ്രയം
ദൈവമെന്റെ സർവ്വവും

സൈന്യമെന്നെ വളഞ്ഞാലും
വൈരികൾ പിന്തുടർന്നാലും
ഭീതിയില്ലെനിക്കു തെല്ലും
ദൈവമാണെൻ പാലകൻ

നിയതമങ്ങേ വസതിയിൽ
കഴിയുവാനെൻ മോഹം
മധുരമങ്ങേ മഹിമയിൽ
മറയുവാനെൻ ദാഹം

കണ്ണിനങ്ങേ കതിരുകൾ
കണ്ടു കണ്ടു മയങ്ങണം
കാതിനങ്ങേ കനിവെഴും
കഥകൾ കേട്ടു ലയിക്കണം

## 17. ദൈവം തന്നതല്ലാതൊന്നും
## Daivam Thannathallathonnum

ദൈവം തന്നതല്ലാതൊന്നും ഇല്ല എന്റെ ജീവിതത്തിൽ
ദൈവത്തിന്റെ സ്നേഹം പോലെ മറ്റൊന്നില്ല പാരിടത്തിൽ
ഇന്നോളം ദൈവം എന്നെ കാത്തതോർത്തു പോകുകിൽ
എത്രകാലം ജീവിച്ചെന്നാലും നന്ദിയേകി തീരുമോ?
ദൈവം തന്നതല്ലാതൊന്നും ഇല്ല എന്റെ ജീവിതത്തിൽ...

മെഴുതിരി നാളം തെളിയുമ്പോൾ
നീയെൻ ആത്മാവിൽ പ്രകാശമായ്
ഇരുളല മൂടും ഹൃദയത്തിൽ
നിന്റെ തിരുവചനം ദീപ്തിയായ്
കാൽവറി കുന്നെൻമനസ്സിൽ കാണുന്നിന്നു ഞാൻ
ക്രൂശിതന്റെ സ്നേഹ രൂപം ഓർത്തു പാടും ഞാൻ
ഓ എന്റെ ദൈവമേ പ്രാണൻറ്റെ ഗേഹമേ
നിന്നിൽ മറയട്ടെ ഞാൻ

(ദൈവം തന്നതല്ലാ)

എന്റെ സങ്കടത്തിൽ പങ്കു ചേരും
ദൈവം ആശ്വാസം പകർന്നിടും
എന്നിൽ സന്തോഷത്തിൻ വേളയേകും
പിഴവുകളേറ്റു ചൊന്നാൽ ക്ഷമ അരുളും
തിരുഹൃദയം എനിക്കായ് തുറന്നു തരും
ഓ എന്റെ ദൈവമേ ജീവൻറെ മാർഗമേ
നിന്നോട് ചേരട്ടെ ഞാൻ

(ദൈവം തന്നതല്ലാ)

## 18. ദൈവാരൂപിയേ സ്നേഹജ്വാലയായ്
## Daivaaroopiye sneha jwaalayaal

ദൈവാരൂപിയേ സ്നേഹജ്വാലയായ്
സർഗ്ഗത്തിൽ നിന്നും നീ വരൂ
അഗ്നിനാളമായ് നവ്യജീവനായ്
ഞങ്ങളിൽ വന്നു വാണിടൂ

{ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ} (2)

ശാന്തിയേകുന്ന ദിവ്യസന്ദേശം
മാനസാന്തര മാർഗ്ഗമായ്
യേശുവേക വിമോചകനെന്ന്
വിശ്വമാകെയുദ്ഘോഷിക്കാൻ (2)

{ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ} (2)

അത്ഭുതങ്ങളും രോഗശാന്തിയും
യേശുവിൻ തിരുനാമത്തിൽ
സാദ്ധ്യമായെന്നും ഈ സമൂഹത്തിൽ
ദൈവരാജ്യം വളർന്നിടാൻ

{ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ} (2)

## 19. ദൈവത്തിന്റെ ആത്മാവിറങ്ങി വന്നു
## Daivathinte Aathmavirangi Vannu

ദൈവത്തിന്റെ ആത്മാവിറങ്ങി വന്നു
മനുഷ്യർക്ക് മേൽ ആവസിച്ചു
നിറയണമേ നിറയണമേ
പരിശുദ്ധാത്മാവേ നിറയണമേ

പാപവും രോഗവും അശുദ്ധിയുമെല്ലാം
ദൈവത്തിന്റെ ആത്മാവ് എടുത്തു മാറ്റി
നിരാശയും തകച്ചയും കുറ്റബോധവും
ചാപല്യവും അവിടുന്നു നീക്കിയല്ലോ
(നിറയണമേ നിറയണമേ...)

ബന്ധിതരെ അവിടുന്ന് മോചിപ്പിച്ചു
അന്ധരുടെ കണ്ണുകൾ തുറപ്പിച്ചലോ
അടിമകൾ ക്രിസ്തുവിൽ സ്വതന്ത്രരായി
പുതുവൽസരത്തിൻ സ്വരം മുഴങ്ങി
(നിറയണമേ നിറയണമേ...)

യേശുവിന്റെ നാമത്തിൽ പ്രാർഥിക്കുന്നു
അവിടുത്തെ നാമത്തിൽ ശാസിക്കുന്നു
അന്ധകാരമേ ബന്ധങ്ങളെ
യേശു നാമത്തിൽ വിട്ടു പോവുക
(നിറയണമേ നിറയണമേ...)

ഏശയ്യാ ജെറമിയ എസക്കിയേലും
പ്രവചിച്ചതെല്ലാം പൂർത്തിയാക്കി
ജോയൽ പ്രവാചകൻ വഴി അരുളിച്ചെയ്തു
പരിശുദ്ധാത്മാവിൽ നിറയും നിങ്ങൾ
(നിറയണമേ നിറയണമേ...)

പന്നിക്കൂട്ടിൽ മുൾ പടർപ്പിൽ പെരുവഴിയിൽ
മനം നൊന്തു കരയുന്ന ഇടവഴിയിൽ
ദൈവത്തിൻെറ ആത്മാവ് ഇറങ്ങിവന്നു
ആശ്വാസത്തിൻ തണപ്പേകി പരിരക്ഷിച്ചു
(നിറയണമേ നിറയണമേ...)

## 20. എല്ലാ സ്നേഹത്തിനും
## Ellaa snehathinum

എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനാമെൻ
നല്ല ദൈവമേ നന്മസ്വരൂപാ
എല്ലാ സൃഷ്ടികളെക്കാളുമുപരിയായി
നിന്നെ സ്നേഹിച്ചിരുന്നിതാ ഞാൻ
(എല്ലാ....)

എൻറെ സൃഷ്ടാവാം രക്ഷാ നാഥനെ ഞാൻ
മുഴുവാത്മാവും ഹൃദയവുമായ്
മുഴു മനമോടെയും സർവ്വശക്തിയോടും
സദാ സ്നേഹിച്ചിടും മഹിയിൽ (2)
(എല്ലാ...)

വല്ല പാപത്താലെ നിന്നെ ദ്രോഹിച്ചിടാൻ
വല്ലഭാ അനുവദിക്കരുതേ
നിന്നോടെളിയോരേറ്റം ചെയ്യുന്നതിനു മുമ്പേ
നഷ്ടമാക്കിടാം അഖിലവും ഞാൻ (2)
(എല്ലാ...)

## 21. എൻ ജീവനേക്കാളും നീ വലിയതാണെനിക്ക്
## En Jeevanekkaalum Nee Valiyathaanenikku

എൻ ജീവനേക്കാളും നീ വലിയതാണെനിക്ക് – 2
ആരാധനാ.. ആരാധനാ.. ആരാധനാ.. ആരാധനാ – 2

എൻ പ്രേമഗീതമാം എൻ യേശുനാഥാ നീ – 2
എൻ ജീവനേക്കാളും നീ വലിയതാ ണനിക്ക് – 2

തുല്യം ചൊല്ലാൻ ആരുമില്ലേ
അങ്ങയെപോലെ യേശുവേ – 2
ജീവനേ സ്വന്തമേ അങ്ങേ മാർവിൽ ചാരുന്നു ഞാൻ – 2

നിന്നെപോലെ സ്നേഹിചീടാൻ
ആവതില്ലാ ആർക്കുമേ
സ്നേഹമേ.. പ്രേമമേ.. നിന്നിൽ ഞാനും ചെർന്നീടുന്നു – 2

ആരാധനാ.. ആരാധനാ.. ആരാധനാ.. ആരാധനാ – 2

എൻ പ്രേമഗീതമാം എൻ യേശുനാഥാ നീ – 2
എൻ ജീവനേക്കാളും നീ വലിയതാ ണനിക്ക് – 2

### 22. എന്തതിശയമേ ദൈവത്തിൻ സ്നേഹം
### Enthathishayame daivathin sneham

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ-അതു
ചിന്തയിലടങ്ങാ സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ (എന്തതിശയമേ...)

ദൈവമേ നിൻ മഹാ സ്നേഹമതിൻ വിധം
ആർക്കു ചിന്തിച്ചറിയാം-എനി-
യ്ക്കാവതില്ലേയതിൻ ആഴമളന്നീടാൻ
എത്ര ബഹുലമത് (എന്തതിശയമേ...)

ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിന്നെളുതോ-പതി
നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ (എന്തതിശയമേ...)

മോദമെഴും തിരു മാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവെ പാതകർക്കായ് തന്ന
സ്നേഹമതിശയമേ (എന്തതിശയമേ...)

പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്-സ്നേഹ
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു (എന്തതിശയമേ...)

ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ-എന്നെ
കേവലം സ്നേഹിച്ചു പാലിച്ചീടും തവ
സ്നേഹമതുല്യമഹോ (എന്തതിശയമേ...)

## 23. എൻറെ യേശു എനിക്കു നല്ലവൻ

## Ente Yeshu Enikku Nallavan

എൻറെ യേശു എനിക്കു നല്ലവൻ
അവൻ എന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ – 2

കാൽവറി മലമേൽക്കയറി
മുൾമുടി ശിരസ്സിൽ വഹിച്ച
എൻറെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നവനാം – 2

അവനാദ്യന്തം അന്ത്യനുമേ
ദിവ്യസ്നേഹത്തിൻ ഉറവിടമേ
പതിനായിരത്തിലതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ – 2

മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനനിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിതൂണായ്
എന്നെ അനുദിനം വഴി നടത്തും – 2

എൻറെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചിടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെട്ടുമ്പോൾ
ഞാൻ അവനിടം പറന്നുയരും – 2

## 24. ഇത്രത്തോളം യഹോവ സഹായിച്ചു
## Ithratholam yahova sahaayichu

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി (2)
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു (2)

ഹാഗറിനെ പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെ പോലെ ഞാനലഞ്ഞപ്പോൾ (2)
മരുഭൂമിയിലെനിക്ക് ജീവ ജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ ...)

ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാട്ടും വീടും വിട്ടു ഞാനലഞ്ഞപ്പോൾ (2)
സ്വന്ത നാട്ടിൽ ചേർത്ത് കൊള്ളാം
എന്നുരച്ച നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ ...)

കണ്ണുനീരും ദുഖവും നിരാശയും
പൂർണമായ് മാറിടും ദിനം വരും (2)
അന്ന് പാടും ദൂതർ മദ്ധ്യേ ആർത്തു പാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ ...)

**25. ജീവനേകും ആത്മാവേ**

**Jeevanekum Aathmave**

ജീവനേകും ആത്മാവേ
പുതുജീവിതമേകും ആത്മാവേ
തീയായ് മാറാനെന്നിൽ അഗ്നി അയയ്ക്കണമേ

(ജീവനേകും ആത്മാവേ... അഗ്നി അയയ്ക്കണമേ) (2)

ആത്മവേ എന്നിൽ നീ, കത്തിപ്പടരണമേ
ആത്മവേ എന്നെ നീ, തീയായ് മാറ്റണമേ (2)

ഏലിയായുടെ ദൈവമേ, അഗ്നി അയയ്ക്കണമേ
ഏലിശായുടെ ദൈവമേ, ശക്തി അയയ്ക്കണമേ (2)

ദാനിയേലിൻ ദൈവമേ, എന്നെ ഉണർത്തണമേ (2)

അഗ്നിയായ് ശക്തിയായ് എന്നിൽ നിറയണമേ (2)

(ആത്മവേ എന്നിൽ നീ ... തീയായ് മാറ്റണമേ) x (2)

ശ്ലീഹന്മാരെ നയിച്ചതുപോൽ, എന്നെ നയിക്കണമേ
അഭിഷേകത്തിൻ ശക്തിയാൽ, എന്നെ നിറയ്ക്കണമേ (2)

വചനത്തിന്റെ സാക്ഷിയായ്, എന്നെ അയയ്ക്കണമേ (2)

അഗ്നിയായ് ശക്തിയായ് എന്നിൽ നിറയണമേ (2)

(ജീവനേകും ആത്മാവേ ...അഗ്നി അയയ്ക്കണമേ) (2)

(ആത്മവേ എന്നിൽ നീ, ... തീയായ് മാറ്റണമേ) (2)

## 26. കന്യക മേരി അമ്മെ
## Kanyaka mariyamme

കന്യക മേരി അമ്മെ
കാവൽ മാലാഖമാരെ ...
നിത്യവും കാത്തിടണേ ...
കൂടെ നടന്നിടണേ ...
സാത്താനെ ദൂരെ അകറ്റിടനെ (2)
ആവേ ആവേ ആവേ മരിയ x4
(കന്യക മേരി അമ്മെ ...)

സ്വർഗമൊരുക്കിയ സ്വർണാലയമേ
സൃഷ്ടാവിൻ ആലയമേ
പാലിക്കും ദൈവത്തെ പാലൂട്ടി താരാട്ടു
പാടിയ പുണ്യ തായേ x2
ആവേ ആവേ ആവേ മരിയ x4

സ്വർഗ്ഗവും ഭൂമിയും കൂട്ടി വിളക്കും
യാക്കോബിൻ ഗോവണി നീ
കർത്താവിൻ ദാസി ഞാൻ എന്നൊരു വാക്കിനാൽ
രക്ഷതൻ അമ്മയും നീ x2
ആവേ മരിയ, ആവേ മരിയ, കന്യക മേരി അമ്മെ x2

നന്മ നിറഞ്ഞവൾ എന്നു മാലാഖ
ചൊല്ലിയതെത്ര സത്യം
സാത്താന്റ തന്ത്രങ്ങൾ എല്ലാ തകർക്കാൻ
നിന്നോളമാരു ശക്തർ x2
ആവേ ആവേ ആവേ മരിയ x4

ഭൂമിയിൽ സാത്താന്റെ ആദ്യത്തെ ശത്രു നീ
ആദാമിൻ മോചനമേ
ജപമാലയാകും ചാട്ടവാർ ഏന്തി
തിന്മയകറ്റും ഞങ്ങൾ x2
ആവേ മരിയ, ആവേ മരിയ, കന്യക മേരി അമ്മെ x2

ആവേ ആവേ ആവേ മരിയ x4
(കന്യക മേരി അമ്മെ ...)

## 27. ക്ഷമാശീലനാമെന്നേശുവേ

## Kshamasheelanam Enneshuve

ക്ഷമാശീലനാമെന്നേശുവേ,
ശാന്തശീലനാമെന്നേശുവേ (×3)

കഠിനമാമെൻ ഹൃദയം, തവഹൃദയം പോലെയാക്കണേ (×2)
ദ്രോഹങ്ങൾ സഹിച്ചു ഞാൻ തളർന്നിടുമ്പോൾ,
കോപത്താൽ എന്റെ ഉള്ളം തിളച്ചിടുമ്പോൾ (×2)
കുരിശിൽ പിടയും, നേരവുമങ്ങേ,
അധരം അരുളും വചസ്സുരുവിടുവാൻ (×2)

ത്യാഗങ്ങൾ സഹിച്ചു ഞാൻ വളർത്തിയവർ,
ആഴത്തിൽ മുറിവേൽപ്പിച്ചകന്നിടുമ്പോൾ (×2)
കരുണാ സ്പർശം, നീ ഏകിടണേ,
സൗഖ്യം തരണേ, അലിവൊഴുക്കിടുവാൻ (×2)

## 28. നന്ദി ദൈവമേ, നന്ദി ദൈവമേ

## Nanni daivame Nanni daivame

നന്ദി ദൈവമേ, നന്ദി ദൈവമേ
നന്ദി ദൈവമേ, നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ

അങ്ങു തന്ന ദാനത്തിന് നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിന് നന്ദിയേകിടാം
നന്മരൂപനേ, നല്ല ദൈവമേ

അങ്ങു തന്ന മോദത്തിന് നന്ദിയേകിടാം
അങ്ങു തന്ന ദുഃഖത്തിന് നന്ദിയേകിടാം
നന്മരൂപനേ, നല്ല ദൈവമേ

ലാഭനഷ്ടമെന്തിനും നന്ദിയേകിടാം
നേട്ടം കോട്ടം എന്തിനും നന്ദിയേകിടാം
നന്മരൂപനേ, നല്ല ദൈവമേ

ബുദ്ധി, ജ്ഞാനം, ശക്തിക്കായ് നന്ദിയേകിടാം
സിദ്ധി, മുക്തി, തൃപ്തിക്കായ് നന്ദിയേകിടാം
സ്നേഹരൂപനേ, സർവ്വശക്തനേ

കാഴ്ച തന്ന നാഥന് നന്ദിയേകിടാം
കേഴ്വി തന്ന നാഥന് നന്ദിയേകിടാം
കരങ്ങൾ കൂപ്പിടാം നന്ദിയേകിടാം

## 29. നന്ദി യേശുവേ നീ ചെയ്ത നന്മകൾ

## Nandi Yeshuve, nee cheytha nanmakal

പ്രാണപ്രിയാ പ്രാണപ്രിയാ ചങ്കിലെ ചോര തന്നെന്നെ
വീണ്ടെടുത്തവനേ, വീണ്ടെടുപ്പുകാരാ
പ്രാണപ്രിയൻ തൻറെ ചങ്കിലെ ചോരയാൽ
എന്നെയും വീണ്ടെടുത്തു(2)
കൃപയേ കൃപയേ വർണ്ണിപ്പാൻ അസാദ്ധ്യമേയത്(2)

നന്ദി യേശുവേ നന്ദി യേശുവേ
നീ ചെയ്ത നന്മകൾക്കൊരായിരം നന്ദി(2)

എൻ ശക്തിയാലല്ല കയ്യുടെ ബലത്താലല്ല
നിൻ ദയ അല്ലയോ എന്നെ നടത്തിയത്(2)
നിന്നത് കൃപയാൽ കൃപയാൽ ദൈവകൃപയാൽ
നിർത്തിടും ദയയാൽ ദയയാൽ നിത്യ ദയയാൽ (2)

കോഴി തൻ കുഞ്ഞിനെ ചിറകടിയിൽ മറയ്ക്കുംപോലെ
കഴുകൻ തൻ കുഞ്ഞിനെ ചിറകിൻ മീതെ
വഹിക്കുംപോലെ(2)
എണ്ണിയാൽ എണ്ണിയാൽ തീരാത്ത നന്മകൾ
ചൊല്ലിയാൽ ചൊല്ലിയാൽ തീരാത്ത വൻകൃപകൾ(2)

കൂരിരുൾ താഴ്വരയിൽ ഭയം കൂടാതെ എന്നെ നടത്തിയതാം
വൈഷമ്യ മേട്ടുകളിൽ കരം പിടിച്ചു എന്നെ നടത്തുന്നതാം
എണ്ണിയാൽ എണ്ണിയാൽ തീരാത്ത നന്മകൾ
ചൊല്ലിയാൽ ചൊല്ലിയാൽ തീരാത്ത വൻകൃപകൾ(2)

## 30. നന്ദിയോടെ ഞാൻ

## Nanniyode njan

നന്ദിയോടെ ഞാൻ സ്തുതിപാടിടും
എന്റെ യേശു നാഥാ
എനിക്കായി നീ ചെയ്തൊരു നന്മക്കും
ഇന്ന് നന്ദി ചൊല്ലുന്നു ഞാൻ

അർഹിക്കാത്ത നന്മകളും
എനിക്കേകിടും കൃപാനിധേ
യാചിക്കാത്ത നന്മകൾ പോലുമേ
എനിക്കേകിയോനു സ്തുതി

സത്യദൈവത്തിൻ ഏക പുത്രാനാം
അങ്ങിൽ വിശ്വസിക്കുന്നു ഞാൻ
വരും കാലമൊക്കെയും നിന് കൃപ
വരങ്ങൾ ചോരികയെന്നിൽ

## 31. നീ എന്റെ സങ്കേതവും നീ എന്റെ കോട്ടയും
## Nee Ente Sankethavum Nee Ente Kottayum

നീ എന്റെ സങ്കേതവും നീ എന്റെ കോട്ടയും
നീ എന്റെ പ്രാണനാഥൻ നീ എൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിന്മുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാൻ എൻ സർവ്വവുമായ്
അടിയനിതാ

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിന്മുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാൻ എൻ സർവ്വവുമായ്

അടിയനിതാ
അടിയനിതാ... ദേവാ, (3)
അടിയനിതാ....

നീ എന്റെ രക്ഷകനും നീ എന്റെ വൈദ്യനും
നീ എന്റെ ആലംബവും നീ എൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിന്മുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാൻ എൻ സർവ്വവുമായ്

(അടിയനിതാ ...)

നീ എന്റെ പാലകനും നീ എന്റെ ആശ്വാസവും
നീ എന്റെ മറവിടവും നീ എൻ ദൈവം
ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിന്മുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാൻ എൻ സർവ്വവുമായ്

(അടിയനിതാ ...)

## 32. നിർമ്മലമായൊരു ഹൃദയമെന്നിൽ
## Nirmalamayoru Hrudayamennil

നിർമ്മലമായൊരു ഹൃദയമെന്നിൽ
നിര്മ്മിച്ചരുളുക നാഥാ
നേരായൊരു നൽ മാനസവും
തീര്ത്തരുള്കെന്നിൽ ദേവാ
(നിർമ്മല)

തവതിരുസന്നിധി തന്നിൽ നിന്നും
തള്ളി ക്കളയരുതെന്നെ നീ
പരിപാവനനെയെന്നിൽ നിന്നും
തിരികെയെടുക്കരുതെൻ പരനേ
(നിർമ്മല)

രക്ഷദമാം പരമാനന്ദം നീ
വീണ്ടും നല്കണമെൻ നാഥാ
കന്മഷമിയലാതൊരു മനമെന്നിൽ
ചിന്മയരൂപാ തന്നിടുക
(നിർമ്മല)

## 33. നിത്യ സഹായ നാഥേ
## Nithya sahaaya maathe

നിത്യ സഹായ നാഥേ
പ്രാർഥിക്ക ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ
പ്രാർഥിക്ക സ്നേഹ നാഥേ

നീറുന്ന മാനസങ്ങൾ
ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്വരയിൽ
നിന്നിതാ കേഴുന്നമ്മേ

കേൾക്കണേ രോദനങ്ങൾ
നൽകണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനവിങ്കൽ
ചേർക്കണേ മക്കളെ നീ

## 34. നിത്യ വിശുദ്ധയാം
## Nithya vishudhayaam

നിത്യ വിശുദ്ധയാം കന്യമറിയമേ
നിൻ നാമം വാഴ്ത്തപ്പെടട്ടെ
നന്മനിറഞ്ഞ നിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ

കാറ്റു വിതച്ച് കൊടുങ്കാറ്റു കൊയ്യുന്ന
മേച്ചിൽപ്പുറങ്ങളിലൂടെ
അന്തിക്കിടയനെ കാണാതലഞ്ഞിടും
ആട്ടിൻപറ്റങ്ങൾ, ഞങ്ങൾ
മേയും ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ

നിത്യ വിശുദ്ധയാം...

ദുഃഖിതർ ഞങ്ങൾക്കായ് വാഗ്ദാനം കിട്ടിയ
സ്വർഗ്ഗ കവാടത്തിന്റെ മുൻപിൽ
മുൾമുടി ചൂടി കുരിശും ചുമന്നിതാ
മുട്ടി വിളിക്കുന്നു ഞങ്ങൾ
ഇന്നും മുട്ടി വിളിക്കുന്നു ഞങ്ങൾ.

നിത്യ വിശുദ്ധയാം...

## 35. നിൻ തിരുരക്തത്താൽ  കഴുകണമേയീശോ

**Nin Thirurakthathaal Kazhukaname Yesho**

നിൻ തിരുരക്തത്താൽ  കഴുകണമേയീശോ
നിൻ തിരുഹിതമെന്നിൽ നിറവേറ്റണമേയീശോ  (2)

പാവനാത്മാവാൽ നിറക്കണമേയീശോ
പാപഭാരങ്ങൾ അകറ്റണമേയീശോ  (2)

(നിൻ തിരുരക്തത്താൽ )

നൽവരദാനങ്ങൾ നൽകണമെയീശോ
നല്ല വഴിക്കെന്നെ നയിക്കണമേയീശോ  (2)

(നിൻ തിരുരക്തത്താൽ )

അങ്ങേ സ്തുതിച്ചിടുവാൻ  വരമേകണമേയീശോ
അങ്ങേ വണങ്ങിടുവാൻ കൃപയേകണമേയീശോ  (2)

(നിൻ തിരുരക്തത്താൽ )

പ്രാർഥിക്കാനെന്നെ പഠിപ്പിക്കണമീശോ
പ്രാർഥന വരമെന്നിൽ  നൽകണമേയീശോ

(നിൻ തിരുരക്തത്താൽ )

വചനമയച്ചെന്നെ സുഖമാക്കണമേയീശോ
വചനം ഘോഷിക്കാൻ വിളിയേകണമേയീശോ  (2)

(നിൻ തിരുരക്തത്താൽ )

## 36. ഒന്നു വിളിച്ചാൽ ഓടിയെൻറെ അരികിലെത്തും
## Onnu Vilichal Odi Ente Arikilethum

ഒന്നു വിളിച്ചാൽ ഓടിയെൻറെ അരികിലെത്തും
ഒന്നു സ്തുതിച്ചാൽ അവൻ എൻറെ മനം തുറക്കും
ഒന്നു കരഞ്ഞാൽ ഓമനിച്ചെൻ മിഴി തുടയ്ക്കും
ഓ എത്ര നല്ല സ്നേഹമെൻറെ ഈശോ (2)

ഒന്നു തളർന്നാൽ അവൻ എൻറെ കരം പിടിക്കും
പിന്നെ കരുണാമയനായി താങ്ങി നടത്തും (2)
ശാന്തി പകരും എൻറെ മുറിവുണക്കും
എത്ര നല്ല സ്നേഹം എൻറെ ഈശോ
ഓ എത്ര നല്ല സ്നേഹം എൻറെ ഈശോ
(ഒന്നു വിളിച്ചാൽ)

തന്നെ അനുഗമിക്കാൻ അവൻ എന്നെ വിളിക്കും
തിരു വചനം പകർന്നെൻറെ വഴി തെളിക്കും (2)
ശക്തി പകരും എന്നെ അനുഗ്രഹിക്കും
എത്ര നല്ല സ്നേഹം എൻറെ ഈശോ
ഓ എത്ര നല്ല സ്നേഹം എൻറെ ഈശോ
(ഒന്നു വിളിച്ചാൽ)

## 37. ഓസ്തിയിൽ വാഴും ദൈവമേ
## Osthiyil Vaazhum Daivame

ഓസ്തിയിൽ വാഴും ദൈവമേ
ഓസ്തിയിൽ വാഴും ദൈവമേ,
സ്നേഹത്തിൻ അവതാരമേ,
ആത്മാവിൻ ഭോജനമേ,
ആരാധനാപാത്രമേ.

എല്ലാ നാമത്തിലും മേലായി ഞങ്ങൾ
നിൻ തിരുനാമം വാഴ്ത്തീടുന്നു
എല്ലാ മുഴങ്കാലും മടങ്ങീടുന്നു
നിൻ മുമ്പിൽ ആദരവോടെ.

എല്ലാം ഭരിച്ചിടും ദൈവമേ,
ഞങ്ങൾ നിൻ തിരുമുമ്പിൽ നമിച്ചീടുന്നു
ഇല്ലീ ജഗത്തിൽ വേറൊരു നാമം
മാനവർക്കാലംബമായ്

## 38. പറഞ്ഞാൽ ആരും വിശ്വസിക്കാത്ത

## Paranjal Aarum Vishwasikkatha

പറഞ്ഞാൽ ആരും വിശ്വസിക്കാത്ത, പ്രവൃത്തിയൊന്ന്
ദൈവം ചെയ്യാൻ പോകുന്നു! (×2)
കേട്ടാൽ ആരും സമ്മതിക്കാത്ത, പ്രവൃത്തിയൊന്ന് നാഥൻ
ചെയ്യാൻ പോകുന്നു! (×2)

അതിശയമെന്നു ജനം പറയും, വിധത്തിൽ യേശു ഒരു
പ്രവൃത്തിചെയ്യും
ദൈവത്തിന്റെ മഹത്വം നിഴൽ വിരിക്കും, ദൈവത്തിന്റെ
കരത്തിൽ നീ വസിക്കും (×2)

മാറിപ്പോകാത്ത വലിയ കല്ല്, നിന്റെ മാറത്തിരിപ്പുണ്ട്
ദൈവ പൈതലേ!
ദൈവ വചനം വന്നു ചേരുമ്പോൾ, കല്ല് മാറി കരളിൽ കൃപ
നിറയും! (×2)

കേട്ടുകേൾവി മാത്രമെന്ന് ജനം പറയും, തക്കവിധത്തിൽ
ദൈവം പ്രവൃത്തിചെയ്യും! (×2)
തടവറ പൊട്ടിക്കാൻ ദൈവം മിന്നലയച്ചിട്ടും, ഇടവും
വലവും ദൂതന്മാരാൽ എന്നെ നയിച്ചിട്ടും! (×2)

ചെരിഞ്ഞിരിക്കും മതില്ലെന്നോ, പൊളിഞ്ഞൊരു
വേലിയെന്നോ!
നിന്ദനം കേട്ടിടത്തു നിന്നെ ഉയർത്തി, ഉന്നതനാം യേശു
പ്രവൃത്തിചെയ്യും! (×2)

ഹാല്ലേലൂയ്യാ... ഹല്ലേലൂയ്യാ... യേശു ജീവിക്കുന്നു! (×3)

## 39. പരിശുദ്ധൻ മഹോന്നത ദേവൻ
## Parishuddhan Mahonnatha Devan

പരിശുദ്ധൻ മഹോന്നത ദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോക നാഥനാം മിശിഹ (2)

ഹാ -- ഹാ -- ഹാ ഹാലേലൂയാ... (7)
ആ -- ആ -- ആമേൻ

അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യ താതനും വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധി രാജനാം മിശിഹാ (2)

ഹാ -- ഹാ -- ഹാ ഹാലേലൂയാ... (7)
ആ -- ആ -- ആമേൻ

കോടാ കോടിതൻ ദൂത സൈന്യവുമായ്
മേഘാരൂഢനായ്  വരുന്നിതാ വിരവിൽ
തൻ പ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മിശിഹാ (2)

ഹാ -- ഹാ -- ഹാ ഹാലേലൂയാ.. (7)
ആ -- ആ -- ആമേൻ

## 40. പരിശുദ്ധ പരമ, ദിവ്യകാരുണ്യമേ
## Parishuddha Parama Divya Karunyame

പരിശുദ്ധ പരമ, ദിവ്യ കാരുണ്യമേ
എന്നേരവും, സ്തുതി ആരാധനാ
ആരാധനാ, ആരാധനാ

ദൈവമേ നിൻ പാതെ, സർവ്വമർപ്പിച്ചേക്കാം
കൺകുളിർക്കെ കാണാം, മനം തുറന്നേകാം
എല്ലാമെല്ലാം അറിയും, എന്റെ തമ്പുരാനേ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

മർത്യനായി ഭുവിൽ, അവതരിച്ചവനെ
പുൽമെത്തയിൽ പിറന്ന, പൊന്നുണ്ണി ഈശോയെ
തച്ചന്റെ മകനായ്, വളർന്ന ഈശോയെ
കന്യകാ മേരി തൻ, പ്രിയ സുതനേശുവേ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

ദൈവഹിതം അലിവാൽ, വ്യാഖ്യാനിച്ച ഗുരുവേ
ദൈവരാജ്യം ഭുവിൽ, സ്ഥാപിച്ച രാജാവേ
പാപികളെ അലിവാൽ, ചേർത്തു വെച്ചൊരിടയാ
രോഗികൾക്കു സൗഖ്യം, നൽകിയ നല്ലിടയാ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

വഴിയും സത്യവും, ജീവനുമാമേശുവേ
ലോകത്തിന്റെ ദീപമേ, ഭൂമി തൻ ലവണമേ
ശിഷ്യരുടെ പാദങ്ങൾ, കഴുകിയ ഗുരുവേ
സ്നേഹത്തിൻ പ്രമാണം, പകർന്ന സത് ഗുരുവേ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

ഗത്സമനി തന്നിൽ, രക്തം വിയർത്തവനെ
ശിഷ്യന്മാരാൽ പോലും, തിരസ്കൃതനായവനെ
മാംസം വറ്റിടുവോളം, ചമ്മട്ടി അടിയേറ്റവനെ
മുൾമുടി തൻ അവഹേളനം, ശാന്തനായ് സഹിച്ചവനെ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

എൻ പാപങ്ങൾ പോക്കാൻ, കുരിശു ചുമന്നവനെ
മൂന്നു വട്ടം കുരിശാൽ, വീണു പിടഞ്ഞവനെ
കുരിശിന്റെ മാറിൽ, തറക്കപ്പെട്ടവനെ
ചെന്നിണം വാർന്നു, കുരിശിൽ മരിച്ചവനെ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

മൃത്യുവിൽ നിന്നും, മൂന്നാം നാൾ ഉയർത്തവനെ
അപ്പമായി എന്നും, കൂടെ വാഴും ഈശോയെ
പരിശുദ്ധ പരമ, ദിവ്യകാരുണ്യമേ

ആരാധനാ, ആരാധനാ
ആരാധനാ, ആരാധനാ

## 41. പരിശുദ്ധാത്മാവേ നീ എഴുന്നള്ളി
## Parishuddhatmave nee ezhunnalli

പരിശുദ്ധാത്മാവേ നീ എഴുന്നള്ളി
പരിശുദ്ധാത്മാവേ നീ എഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തി എന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിയ്ക്കും പ്രകാശമേ!
അന്ധകാരവിരിപ്പു മാറ്റീടും
ചന്തമേറുന്ന ദീപമേ! കേഴുമാത്മാവിൽ
ആശവീശുന്ന മോഹന ദിവ്യ ഗാനമേ!

വിണ്ടുണങ്ങിവരണ്ട മാനസം
കണ്ട വിണ്ണിൻ തടാകമേ!
മന്ദമായ് വന്നു വീശി ആനന്ദം
തന്ന പൊന്നിളം തെന്നലേ!
രക്തസാക്ഷികൾ ആഞ്ഞുപുൽകിയ
പുണ്യജീവിതപാത നീ!

**42. പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ**

**Parisudhaathmave shakthi pakarnnidane**

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവെ നീ അറിയുന്നു

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിട്ടുവാൻ (2)
ആദിയിലെന്നപോലാത്മാവേ
അമിതബലം തരണേ (2)
(പരിശുദ്ധാത്മാവേ)

ലോകത്തിൻ മോഹം വിട്ടോടുവാൻ
സാത്താൻറെ ശക്തിയെ ജയിച്ചിടുവാൻ (2)
ധീരതയോടു നിൻ വേല ചെയ്‌വാൻ
അഭിഷേകം ചെയ്തിടണേ (2)
(പരിശുദ്ധാത്മാവേ)

കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ
ഞങ്ങൾ വചനത്തിൽ വേരൂന്നി വളർന്നിടുവാൻ (2)
വിൺമഴയെ വീണ്ടും അയയ്ക്കണമേ
നിൻ ജനം ഉണർന്നിടുവാൻ (2)
(പരിശുദ്ധാത്മാവേ)

## 43. പെന്തക്കുസ്തനാളിൽ
## Penthakustha naalil

പെന്തക്കുസ്തനാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ പിൻ മഴ നൽക. (2)
പിൻ മഴ പെയ്യേണം മാലിന്യം മാറേണം
നിൻ ജനമുണർന്നു വേല ചെയ്യുവാൻ (2)

(പെന്തക്കുസ്തനാളിൽ മുൻമഴ പെയ്യിച്ച)

മുട്ടോളം അല്ല അരയോളം പോരാ
വലിയൊരു ജീവനദി ഒഴുകാൻ (2)
നീന്തിയിട്ടില്ലാത്ത കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്ക നാഥാ (2)

(പെന്തക്കുസ്തനാളിൽ മുൻമഴ പെയ്യിച്ച)

ചലിക്കുന്ന എല്ലാ പ്രാണികളുമിന്ന്
ചലനം ഉണ്ടാക്കി ജീവൻ പ്രാപിപ്പാൻ (2)
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചിടാൻ

(പെന്തക്കുസ്തനാളിൽ മുൻമഴ പെയ്യിച്ച)

## 44. പുകഴ്ത്തീടാം യേശുവിനെ
## Pukazhtheedam Yesuvine

പുകഴ്ത്തീടാം യേശുവിനെ
ക്രൂശിലെ ജയാളിയെ
സ്തുതിച്ചീടാം യേശുവിനെ
സ്തുതിക്കവൻ യോഗ്യനല്ലോ (2)

ആരാധിക്കാം യേശുവിനെ
അധികാരം ഉള്ളവനെ
വണങ്ങീടാം ദൈവ കുഞ്ഞാടിനെ
ആരിലും ഉന്നതനേ (2)

വിശ്വസിക്കാം യേശുവിനെ
ഏക രക്ഷകനെ
ഏറ്റു പറയാം യേശുവിനെ
കർത്താധി കർത്താവിനെ (2)

ആരാധിക്കാം... (2)

സ്നേഹിച്ചീടാം യേശുവിനെ
ഏറ്റം പ്രീയനായോനെ
സേവിച്ചീടാം യേശുവിനെ
ഇന്നും എന്നും അനന്യനെ (2)

ആരാധിക്കാം... (2)

ഘോഷിച്ചിടാം യേശുവിനെ
സത്യ സുവിശേഷത്തെ
നോക്കിപ്പാർക്കാം യേശുവിനെ
വീണ്ടും വരുന്നവനെ (2)

ആരാധിക്കാം... (2)

(പുകഴ്ത്തീടാം യേശുവിനെ)

## 45. സർവ്വ ശക്തൻ കൂടെയുണ്ട്
## Sarva shakthan koodeyundu

സർവ്വ ശക്തൻ കൂടെയുണ്ട് ദൈവശക്തി എന്നിലുണ്ട്
ദൈവ പൈതൽ ഞാൻ ഭയപ്പെടില്ല
അത്യുന്നതൻ കരം കൂടെയുണ്ട് (2)

താതന്റെ വാഗ്ദാനമെ പരിശുദ്ധ റൂഹായെ
ഉന്നത ശക്തിയെ നിത്യ സഹായകാ
ഞങ്ങളിൽ നിറയണമേ (2)

മോശയിൽ നിറഞ്ഞ ദൈവത്തിൻ ശക്തി
അഭിഷേകമായെന്നിൽ നിറഞ്ഞിടട്ടെ (2)
സൈന്യത്തിൻ മുന്നിൽ ആഴിതൻ നടുവിൽ
അത്ഭുതങ്ങൾ ചെയ്തൊരു ആത്മശക്തി (2)
(താതന്റെ വാഗ്ദാനമെ...)

യൗസേപ്പിൽ നിറഞ്ഞ ദൈവത്തിൻ ശക്തി
അഭിഷേകമായെന്നിൽ നിറഞ്ഞിടട്ടെ (2)
അശുദ്ധി തൻ മുന്നിൽ തിന്മ തൻ നടുവിൽ
വിശുദ്ധിയായ് നിറഞ്ഞൊരു ആത്മശക്തി (2)
(താതന്റെ വാഗ്ദാനമെ...)

ഏലിയായിൽ നിറഞ്ഞ അത്യുന്നത ശക്തി
അഭിഷേകമായെന്നിൽ നിറഞ്ഞിടട്ടെ (2)
ബാലിനു മുന്നിൽ കാർമലിൻ മുകളിൽ
അഗ്നിയായ് ഇറങ്ങിയ ആത്മശക്തി (2)

## 46. സ്നേഹസ്വരൂപാ
## Sneha swaroopaa

സ്നേഹസ്വരൂപാ തവദർശനം
ഈ ദാസരിൽ ഏകിടൂ (2)
പരിമളമിയലാൻ ജീവിത മലരിൻ
അനുഗ്രഹവർഷം ചൊരിയേണമേ...
ചൊരിയേണമേ...

(സ്നേഹസ്വരൂപാ...)

മലിനമായ ഈ മൺകുടമങ്ങേ
തിരുപാദസന്നിധിയിൽ (2)
അർച്ചന ചെയ്തിടും ദാസരിൽ നാഥാ
കൃപയേകിടൂ... കൃപയേകിടൂ...
ഹൃത്തിൻ മാലിന്യം നീക്കിടൂ നീ

(സ്നേഹസ്വരൂപാ...)

മരുഭൂമിയാം ഈ മാനസം തന്നിൽ
നിൻ ഗേഹം തീർത്തിടുക (2)
നിറഞ്ഞിടുകെന്നിൽ എൻ പ്രിയ നാഥാ
പോകരുതേ... പോകരുതേ...
നിന്നിൽ ഞാനെന്നും ലയിച്ചിടട്ടെ

## 47. ശ്രീയേശു നാമം
## Sree Yeshu Naamam

ശ്രീയേശു നാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം

എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും തൻ തിരുമുമ്പിൽ -
വല്ലഭത്വം ഉള്ള നാമം
(ശ്രീയേശു നാമം)

എണ്ണമില്ലാപാപം എന്നിൽ നിന്നും നീക്കാൻ -
എൻ മേൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേയ്ക്കുമായ് മായ്ച്ചു തന്ന
ഉന്നതൻറെ വന്ദ്യ നാമം
(ശ്രീയേശു നാമം)

ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കും എല്ലാം
വിടുതൽ നൽകും നാമം
(ശ്രീയേശു നാമം)

പാപപരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന -
പാവനമാം പുണ്യനാമം
(ശ്രീയേശു നാമം)

## 48. സൃഷ്ടികളെ സ്തുതി പാടുവിൻ
## Srishtikale Sthuthi Paaduvin

സൃഷ്ടികളെ സ്തുതി പാടുവിൻ
നാഥനെ വാഴ്ത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരമേ
നിത്യം പാടി പുകഴ്ത്തിടുവിൻ (2)

വാനിടമേ ദൈവ ദൂതരെ
നാഥനെ വാഴ്ത്തിടുവിൻ
അമ്പരമേ ജലസഞ്ചയമേ
നിത്യം പാടി പുകഴ്ത്തിടുവിൻ (2)

(സൃഷ്ടികളെ സ്തുതി പാടുവിൻ...)

ഭൂവും സകല ചരാചരവും
നാഥനെ വാഴ്ത്തിടുവിൻ
കുന്നുകൾ താഴ്‌വര സമതലവും
നിത്യം പാടി പുകഴ്ത്തിടുവിൻ (2)

(സൃഷ്ടികളെ സ്തുതി പാടുവിൻ...)

പക്ഷി മൃഗാദികൾ തരുനിരകൾ
നാഥനെ വാഴ്ത്തിടുവിൻ
നരകുല ജനപദമഖിലവുമേ
നിത്യം പാടി പുകഴ്ത്തിടുവിൻ (2)

(സൃഷ്ടികളെ സ്തുതി പാടുവിൻ...)

## 49. സ്തുതി സ്തുതി എൻ മനമേ
## Sthuthi Sthuthi En Maname

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ, നാഥൻ
നാൾ തോറും ചെയ്ത നന്മകളോർത്തു
പാടുക നീയെന്നും മനമേ
പാടുക നീ എന്നും മനമേ

(സ്തുതി സ്തുതി എൻ മനമേ)

അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചിടുന്നു (2)
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായി
തന്റെ മാർവ്വിൽ ദിനം ദിനമായി

(സ്തുതി സ്തുതി എൻ മനമേ)

കഷ്ടങ്ങളേറിടിലും എനിക്കേറ്റ-
മടുത്ത തുണയായി (2)
ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കുമല്ലോ
മേശ നമുക്കൊരുക്കുമല്ലോ

(സ്തുതി സ്തുതി എൻ മനമേ)

ഭാരത്താൽ വലഞ്ഞീടിലും,
തീരാ രോഗത്താൽ അലഞ്ഞീടിലും (2)
പിളർന്നീടുമൊരടിപ്പിണരാൽ
തന്നിടുന്നു രോഗസൗഖ്യം
തന്നിടുന്നു രോഗസൗഖ്യം

(സ്തുതി സ്തുതി എൻ മനമേ)

## 50. സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും
## Sthuthippin sthuthippin ennum

സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും സ്തുതിച്ചീട്ടുവിൻ
യേശു രാജാധി രാജാവിനെ
{ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ} (2)

ആ ആനന്ദമെ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ
{ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ} (2)

അവൻ വരുന്ന നാളിൽ എൻറെ കരം പിടിച്ച്
തൻറെ മാർവോട ണച്ചിടുമേ
{ആ സമൂഹമതിൽ അന്ന് കർത്തനുമായ്
ആർത്തു ഘോഷിക്കും സന്തോഷമായ്} (2)
(ആ ആനന്ദമെ)

എൻ പാപങ്ങളെ മുറ്റും കഴുകിടുവാൻ
തൻ ജീവനെ നൽകിയവൻ
{വീണ്ടും വന്നിടുമേ മേഘ വാഹനത്തിൽ
കോടാ കോടി തൻ ദൂതരുമായ്} (2)
(ആ ആനന്ദമെ)

**51. തിരുകരത്താൽ താങ്ങിയെന്നെ**

**Thirukarathaal Thangiyenne**

തിരുകരത്താൽ താങ്ങിയെന്നെ
തിരുരക്തത്താൽ കഴുകണമേ
(തിരുകരത്താൽ... x 2)

പെരുമഴപോൽ പെയ്യട്ടെ (2)

യേശുവിൻ രക്തം, യേശുവിൻ രക്തം
യേശുവിൻ തിരുരക്തം
(യേശുവിൻ രക്തം x 2)

(തിരുകരത്താൽ താങ്ങിയെന്നെ...)

പാപമെല്ലാം നീങ്ങിടട്ടെ
ശാപമെല്ലാം മാറിടട്ടെ
(പാപമെല്ലാം... x 2)

തിരുരക്തത്താൽ കഴുകണമേ (2)
(തിരുകരത്താൽ താങ്ങിയെന്നെ...)

രോഗമെല്ലാം മാറിടട്ടെ
കഷ്ടമെല്ലാം നീങ്ങിടട്ടെ
(രോഗമെല്ലാം... x 2)

തിരുമുറിവിനാൽ സുഖപ്പെടട്ടെ (2)
(തിരുകരത്താൽ താങ്ങിയെന്നെ...)
(പെരുമഴപോൽ...)
(യേശുവിൻ രക്തം, യേശുവിൻ രക്തം...)

## 52. തിരുക്കരത്താൽ വഹിച്ചു എന്നെ
## Thirukarathaal Vahichu Enne

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതംപോൽ നടത്തേണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയേണമേ

നിൻവചനം ധ്യാനിക്കുമ്പോൾ
എൻഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ
ദീപമതായ് നിൻമൊഴികൾ

ആഴിയതിൽ ഓളങ്ങളാൽ
വലഞ്ഞിടുമ്പോൾ എൻ പടകിൽ
എൻറെ പ്രിയൻ യേശുവുണ്ട്
ചേർന്നിടുമേ ഭവനമതിൽ

അവൻ നമുക്കായ് ജീവൻ നൽകി
ഒരുക്കിയല്ലോ വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗകനാൻ ദേശമത്

## 53. തുണയെനിക്കേശുവേ കുറവിനിയില്ലതാൽ
## Thuna Enikkesuve Kuraviniyilathal

തുണയെനിക്കേശുവേ കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൽ മറവിൽ വസിച്ചിടും ഞാൻ

അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻ മതിയാശ്രയിപ്പാൻ

പകയെന്റെ കെണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപമഴപോൽ

ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ

വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ

ആകുലവേളകളിൽ ആപത്തുനാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചിടുവാൻ.

## 54. ഉണർവ്വിൻ കൊടുങ്കാറ്റേ നീ
## Unarvin kodum kaatte nee

ഉണർവ്വിൻ കൊടുങ്കാറ്റേ നീ വീശണമേ വീണ്ടും – 2
തളരും മനസ്സുകളിൽ നീ പുതിയൊരു ജീവൻ നല്കണമേ-2
വീണ്ടും എനിക്ക് നൽകണമേ
പുതിയൊരു പെന്തക്കൊസ്താഗ്നി
അഭിഷേകത്തിൻ കൈകൾ നീ എൻമേൽ നീട്ടണമേ-2

ഉണർവ്വിൻ -2

അഗ്നി അയയ്ക്കണമേ പരിശുദ്ധാത്മാവേ
ശക്തി അയയ്ക്കണമേ പരിശുദ്ധാത്മാവേ
ആദിയിലെപ്പോൽ ജനകോടികളെ വീണ്ടും ഉണർത്തണമേ
അത്ഭുതങ്ങളും അടയാളങ്ങളും വീണ്ടും നൽകണമേ
അത്ഭുതമൊഴുകും കൈകൾ നീ എൻമേൽ നീട്ടണമേ-2

ഉണർവ്വിൻ -2

സൗഖ്യം നൽകണമേ പരിശുദ്ധാത്മാവേ
ബന്ധനമഴിയ്ക്കണമേ പരിശുദ്ധാത്മാവേ
മാറാതീരാ വ്യാധികളെല്ലാം സൗഖ്യം പ്രാപിക്കട്ടെ
തളർന്ന കൈകാൽ മുട്ടുകളെല്ലാം സൗഖ്യം പ്രാപിക്കട്ടെ
അത്ഭുതമൊഴുകും കൈകൾ നീ എൻമേൽ നീട്ടണമേ – 2

ഉണർവ്വിൻ -2

## 55. ഉണർവിൻ വരം ലഭിപ്പാൻ

## Unarvin varam labhippaan

ഉണർവിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരു സവിതേ
നാഥാ... നിന്റെ വൻകൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ

ദേശമെല്ലാം ഉണർന്നിടുവാൻ
യേശുവിനെ ഉയർത്തിടുവാൻ
ആഷിഷമാരി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

തിരു വചനം ഘോഷിക്കുവാൻ
തിരു നന്മകൾ സാക്ഷികുവാൻ
ഉണർവിൻ ശക്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

തിരു നാമം പാടീടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ശാശ്വത ശാന്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

## 56. ഉണർത്തണമേ എന്നെ ഉണർത്തണമേ
## Unarthename Enne Unarthename

ഉണർത്തണമേ എന്നെ ഉണർത്തണമേ
ആത്മാവാൽ എന്നെ ഉണർത്തണമേ

ഞാൻ ഉണർന്നാൽ എൻ ദേശമുണറും
ഉണർത്തണമേ എന്നെ ഉണർത്തണമേ

എൻ ഭവനമാകും, ജെറുസലേമും
ഉണരും ആത്മാവാൽ ഉണരും
എൻ സഭയാകും ജെറുസലേമും
ഉണരും ആത്മാവാൽ ഉണരും

ഞാൻ ഉണർന്നാൽ എൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

സ്നേഹിതരാകും യൂദയായും
ഉണറും ആത്മാവാൽ ഉണരും
വിജാതീയരാകും സമരിയാരും
ഉണറും ആത്മാവാൽ ഉണരും

ഞാൻ ഉണർന്നാൽ എൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

പാപത്തിൽ ഉറങ്ങും മാനവരെല്ലാം
ഉണരും ആത്മാവാൽ ഉണറും
പാപം വളർത്തും കോട്ടകളെല്ലാം
തകരും ആത്മാവാൽ തകരും

ഞാൻ ഉണർന്നാൽ എൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

ഉണർത്തണമേ എന്നെ ഉണർത്തണമേ
ആത്മാവാൽ എന്നെ ഉണർത്തണമേ

ഞാൻ ഉണർന്നാൽ എൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

## 57. വാ വാ യേശുനാഥാ
## Vaa Vaa Yeshu Naadha

വാ വാ യേശുനാഥാ വാ വാ സ്നേഹനാഥാ
ഹാ എൻ ഹൃദയം തേടീടും സ്നേഹമേ നീ
വാ വാ യേശുനാഥാ

നീ എൻ പ്രാണനാഥൻ നീ എൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ
വാ വാ യേശുനാഥാ (2)

പാരിലില്ലിതുപോൽ വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം ചിന്തിച്ചീടാൻ
വാ വാ യേശുനാഥാ (2)

പൂക്കൾക്കില്ല പ്രഭ, തേൻ മധുരമല്ല
നീ വരുമ്പോഴെൻ ആനന്ദം വർണ്യമല്ലാ
വാ വാ യേശുനാഥാ (2)

വേണ്ട പോകരുതേ, നാഥാ നിൽക്കേണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡപം
വാ വാ യേശുനാഥാ (2)

ആധി ചേരുകിലും, വ്യാധി നോവുകിലും
നീയരികിൽ എന്നാലെനിക്കാശ്വാസമേ
വാ വാ യേശുനാഥാ (2)

## 58. യഹോവ യിരെ ദാതാവാം ദൈവം

## Yahova Yire Daathaavaam Daivam

യഹോവ യിരെ ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ സൌഖ്യ ദായകൻ
തൻ അടിപ്പിണരാൽ സൌഖ്യം
യഹോവ ശമ്മാ കൂടെയിരിക്കും
നൽകുമെൻ ആവശ്യങ്ങൾ
നീ മാത്രം മതി.. നീ മാത്രം മതി..
നീ മാത്രം മതിയെനിക്ക് (2)

യഹോവ എലോഹിം സൃഷ്ടാവം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ ഇല്ല്യോൻ അത്യുന്നതൻ നീ
നിന്നെപ്പോലെ മറ്റാരുമില്ല
യഹോവ ശാലോം എൻ സമാധാനം
നൽകി നിൻ ശാന്തിയെന്നിൽ
നീ മാത്രം മതി.. നീ മാത്രം മതി..
നീ മാത്രം മതിയെനിക്ക് (2)
(യഹോവ യിരെ..)

## 59. യേശു നല്ലവൻ അവൻ വല്ലഭൻ

## Yeshu Nallavan Avan Vallabhan

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ
സ്തുതിച്ചീടുക നാം അവൻറെ നാമം
ഹല്ലെല്ലൂയ്യ ഹല്ലെല്ലൂയ്യ (2)

മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവും എന്നെശുവിന്, ആമേൻ (2)

ഞാൻ യാഹോവക്കായ് കാത്തു കാത്തല്ലോ
അവനങ്കലേക്ക് ചാഞ്ഞു കേട്ടല്ലോ (2)
നാശകരമാം കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി (2)
ഹല്ലെല്ലൂയ്യ ഹല്ലെല്ലൂയ്യ (2)

എൻ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ കർത്താവിനു സ്തുതികൾ തന്നെ (2)
ഹല്ലെല്ലൂയ്യ ഹല്ലെല്ലൂയ്യ (2)

എൻറെ കർത്താവേ എൻറെ യഹോവേ
നീയോഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്ക് ശ്രേഷ്ടന്മാർ തന്നെ (2)
ഹല്ലെല്ലൂയ്യ ഹല്ലെല്ലൂയ്യ (2)

(യേശു നല്ലവൻ)

# HOLY MASS SONGS

## OPENING SONGS

### 60. As we gather may Your Spirit

As we gather may Your Spirit work within us
As we gather may we glorify Your name
.
We'll be blessed because we came
We'll be blessed because we came

The steadfast love of the Lord never ceases,
His mercies never come to an end,
They are new every morning, new every morning
Great is Thy faithfulness (Oh Lord)
Great is Thy faithfulness

You have called us by Your Spirit into worship
In this temple You have set our hearts aflame
As we lay our hearts upon Your holy altar
We'll be blessed in Jesus' name

## 61. Light of the world

Light of the world
You stepped down into darkness
Opened my eyes, let me see
Beauty that made this heart adore You
Hope of a life spent with You

Here I am to worship
Here I am to bow down
Here I am to say that You're my God
You're altogether lovely
Altogether worthy
Altogether wonderful to me

King of all days
Oh so highly exalted
Glorious in Heaven above
Humbly You came to the earth You created
All for loves sake became poor

## 62. What a friend we have in Jesus

What a friend we have in Jesus,
all our sins and griefs to bear!
What a privilege to carry
everything to God in prayer!
O what peace we often forfeit,
O what needless pain we bear,
all because we do not carry
everything to God in prayer

Have we trials and temptations?
Is there trouble anywhere?
We should never be discouraged;
take it to the Lord in prayer!
Can we find a friend so faithful
who will all our sorrows share?
Jesus knows our every weakness;
take it to the Lord in prayer!

Are we weak and heavy laden,
cumbered with a load of care?
Precious Savior, still our refuge--
take it to the Lord in prayer!
Do your friends despise, forsake you?
Take it to the Lord in prayer!
In his arms he'll take and shield you;
you will find a solace there.

## COMMUNION HYMN

### 63. Amazing grace

Amazing grace how sweet the sound
That saved a wretch like me
I once was lost, but now I'm found
Was blind, but now I see
'Twas grace that taught my heart to fear
And grace my fears relieved
How precious did that grace appear
The hour I first believed
My chains are gone, I've been set free
My God, my Savior has ransomed me
And like a flood His mercy reigns
Unending love
Amazing grace

### 64. Lord, I need You

Lord, I come, I confess
Bowing here, I find my rest
Without You, I fall apart
You're the one that guides my heart
Lord, I need You, oh, I need You
Every hour, I need You
My one defense, my righteousness
Oh God, how I need You
Where sin runs deep, Your grace is more
Where grace is found is where You are
And where You are, Lord, I am free
Holiness is Christ in me

# RECESSIONAL SONGS

## 65. Hail, Holy Queen

Hail, Holy Queen enthroned above, O Maria!
Hail, Mother of mercy and of love, O Maria!
Triumph all ye cherubim!
Sing with us ye seraphim!
Heaven and earth resound the hymn!
Salve, salve, salve, Regina!

Our life, our sweetness here below, O Maria!
Our hope in sorrow and in woe, O Maria!
Triumph all ye cherubim!
Sing with us ye seraphim!
Heaven and earth resound the hymn!
Salve, salve, salve, Regina!

## ADORATION EXPOSITION

### 66. O salutáris Hóstia

O salutáris Hóstia,
Quae caeli pandis óstium:
Bella premunt hostília,
Da robur fer auxílium.

Uni trinóque Dómino
Sit sempitérna glória,
Qui vitam sine término
Nobis donet in pátria.

## ADORATION REPOSE

### 67. Tantum ergo

Tantum ergo Sacramentum
Veneremur cernui:
Et antiquum documentum
Novo cedat ritui:
Praestet fides supplementum
Sensuum defectui.

Genitori, Genitoque
Laus et iubilatio,
Salus, honor, virtus quoque
Sit et benedictio:
Procedenti ab utroque
Compar sit laudatio.

"I will sing the Lord's praise,
for he has been good to me."

Psalms 13:6

Copyright © Anointing Fire Catholic Ministry
2205 Auraria Rd Dahlonega, GA 30533
afcmatlanta.org

Not for sale, For private circulation only | 2025 Feb Issue: 3